# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSR TSR(P7)-123/2023.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSR TSR(P7)-123/2023. തീയ്യതി: 30/03/2023

## തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 04-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സദാനന്ദൻ പി ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധ ഇ എൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ സ്വാലിഹ് സി പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ ശശിധരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| രാജേഷ് ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ജയലക്ഷ്മി എം | സെക്രട്ടറി | 07-04-2021 | 07-07-2021 |
| ജലജകുമാരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-07-2021 | 27-07-2021 |
| ജയലക്ഷ്മി എം | സെക്രട്ടറി | 28-07-2021 | 28-07-2021 |
| ജലജകുമാരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-07-2021 | 10-08-2021 |
| രാജേഷ് ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-08-2021 | 12-08-2021 |
| ജയലക്ഷ്മി എം | സെക്രട്ടറി | 13-08-2021 | 26-09-2021 |
| ഒഴിവ് | സെക്രട്ടറി | 27-09-2021 | 28-09-2021 |
| ജലജകുമാരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-09-2021 | 15-10-2021 |
| ജയലക്ഷ്മി എം | സെക്രട്ടറി | 16-10-2021 | 31-01-2022 |
| ജലജകുമാരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2022 | 13-02-2022 |
| ജയലക്ഷ്മി എം | സെക്രട്ടറി | 14-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.മഞ്ജു കെ | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 01-04-2021 | 15-05-2021 |
| ഡോ.ഇഷ ബ്രൂസ് | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 16-05-2021 | 21-06-2021 |
| ഡോ.മഞ്ജു കെ | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 22-06-2021 | 09-07-2021 |
| ഡോ.ഇഷ ബ്രൂസ് | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 10-07-2021 | 26-07-2021 |
| ഡോ.മഞ്ജു കെ | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 27-07-2021 | 04-08-2021 |
| ഡോ.ഇഷ ബ്രൂസ് | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 05-08-2021 | 31-03-2022 |
| ഷിബുകുമാർ പി കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ബീന എം കെ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 25-11-2021 |

| | | | |
|---|---|---|---|
| ശ്രീജ പി എം | ഐസിഡിഎസ് സൂപ്പർവൈസർ | 26-11-2021 | 31-03-2022 |
| ഡോ.ജയമ്മ ജോസഫ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.സന്തോഷ് കെ കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഹസീന എം എ | വി ഇ ഒ, കൊണ്ടാഴി | 01-04-2021 | 04-10-2021 |
| രമ്യ കെ | വി ഇ ഒ, കൊണ്ടാഴി | 05-10-2021 | 31-03-2022 |
| വിനോജ് ടി ജെ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഇ വസന്തകുമാരി | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ജലജകുമാരി എ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| അനൂപ് പി എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| ഗിനിക പി ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |
| അശ്വതി ഗോപിനാഥ് | കൃഷി ഓഫീസർ | 01-04-2021 | 02-06-2021 |
| ശരണ്യ കെ എസ് | കൃഷി ഓഫീസർ | 03-06-2021 | 07-07-2021 |
| അജി | കൃഷി ഓഫീസർ | 08-07-2021 | 06-12-2021 |
| ഉണ്ണികൃഷ്ണൻ | കൃഷി ഓഫീസർ | 07-12-2021 | 27-02-2022 |
| അശ്വതി ഗോപിനാഥ് | കൃഷി ഓഫീസർ | 28-02-2022 | 31-03-2022 |
| ഡോ.സന്ധ്യ അച്ചുതൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| രഞ്ജിത്ത് റാഫേൽ | വി ഇ ഒ, ചേലക്കോട് | 01-04-2021 | 30-09-2021 |
| ഒഴിവ് | വി ഇ ഒ, ചേലക്കോട് | 01-10-2021 | 03-10-2021 |
| രമ്യ കെ | വി ഇ ഒ, ചേലക്കോട് | 04-10-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-10 |
| 11 | വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻടി ഇല്ല. | 1-10-1 |
| 12 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകങ്ങൾ | 1-10-2 |
| 13 | വസ്തുനികുതി കുടിശ്ശിക – ജേണൽ എൻടികൾ മുഖേന ഡിമാന്റ് വർദ്ധിപ്പിച്ചു. അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല. | 1-10-3 |
| 14 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. | 1-10-4 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-10-5 |
| 16 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. | 1-10-6 |
| 17 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-10-7 |
| 18 | കാഷ് ഫ്ലോ സ്റ്റേറ്റ് മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല. | 1-10-8 |
| 19 | ആസ്തികളുടെ ഡിപ്രിസിയേഷൻ- അപാകങ്ങൾ | 1-10-9 |
| 20 | എം.ജി.എൻ.ആർ.ഇ.ജി.എസ്. - ബാധ്യത ശീർഷകത്തിലെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-10-10 |
| 21 | കാലാവധി കഴിഞ്ഞ ചെക്കുകൾ ബാധ്യത ശീർഷകത്തിലേക്ക് മാറ്റി നീക്കിയിരിപ്പ് ക്രമീകരിച്ചില്ല. | 1-10-11 |
| 22 | ഇടപാടുകൾ നടന്ന് ദീർഘകാലമായിട്ടും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-12 |
| 23 | പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ലഭ്യമാക്കിയില്ല. | 1-10-13 |
| 24 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല. | 1-10-14 |
| 25 | റദ്ദാക്കിയ സാംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല | 1-11 |
| 26 | മൊബൈൽ ടവറിന്റെ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല. | 1-12 |
| 27 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി | 1-13 |

| | | |
|---|---|---|
| | ഒഴിവാക്കിയതിൽ അപാകത | |
| 28 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ | 1-14 |
| 29 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയിയായിട്ടില്ല. | 1-15 |
| 30 | നികുതി ഡിമാന്റ് ചെയ്യാതെ കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തു | 1-16 |
| 31 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-17 |
| 32 | വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചു- വരുമാന നഷ്ടം. | 1-18 |
| 33 | തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല. | 1-19 |
| 34 | തൊഴിൽ നികുതി-മറ്റു അപാകങ്ങൾ | 1-20 |
| 35 | വ്യാപാരലൈസൻസ്- അപാകങ്ങൾ | 1-21 |
| 36 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക-അപാകതകൾ | 1-22 |
| 37 | വാട്ടർ കണക്ഷൻ ഫീ - കുടിശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-23 |
| 38 | തേക്ക് മരം ലേലം നടത്തിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-24 |
| 39 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ | 1-25 |
| 40 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 41 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. 20875/- രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 42 | വേലൂർപ്പടി കോളനിയിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ- നാളിതു വരെ പ്രവർത്തനക്ഷമമല്ല. 84400/- രൂപ തടസ്സപ്പെടുത്തുന്നു. | 1-28 |
| 43 | എസ്.സി.കോളനികളിൽ വാതിൽപ്പടി സേവനത്തിന് വനിതകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ - ലാപ് ടോപ്പ് കൈപ്പറ്റ്, വിതരണരേഖകൾ ഇല്ല. 121075/- രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 44 | കുടിവെള്ള പ്രോജക്ടുകളിൽ ഗുണഭോക്തൃ വിഹിതം സമാഹരിക്കുന്നില്ല | 1-30 |
| 45 | അസി.എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-31 |
| 46 | അസി.എഞ്ചിനീയറുടെ കാനറാ ബാങ്ക് അക്കൗണ്ടിലെ ബാലൻസ് തുക - ഉറവിടം വ്യക്തമല്ലാത്തതിനാൽ തനത് ഫണ്ടിലേക്ക് മാറ്റാവുന്നതാണ് | 1-32 |
| 47 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - രജിസ്ട്രേഷൻ ഇല്ലാത്ത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തി. 75000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 48 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - ബ്ലോക്ക് പഞ്ചായത്ത് /വകുപ്പിൽ നിന്നും ധനസഹായം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ഇല്ല. 1195980/- രൂപ തടസ്സപ്പെടുത്തുന്നു. | 1-34 |
| 49 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - ബ്ലോക്ക് പഞ്ചായത്ത് / വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 917130/- രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |

| | | |
|---|---|---|
| 50 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-36 |
| 51 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ പ്രൊജക്ടുകൾ - തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-37 |
| 52 | വീട് വാസയോഗ്യമാക്കൽ - ആദ്യ ഗഡു നൽകിയിട്ടും നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 20.02.2021 | 1 (1) | 22,12,93,288 | 22,92,67,200 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 10.03.2022 | 1(1) | 1,77,83,700 | 17,98,46,968 |

റിവൈസ്ഡ് ബജറ്റ് പ്രകാരം ആകെ വരവ് 1,77,83,700 രൂപയും ചെലവ് 17,98,46,968 രൂപയുമാണ്. ആകെ വരവിനേക്കാൾ ചെലവ് 16,20,63,268 രൂപ കൂടുതലാണ് കണക്കാക്കിയിരിക്കുന്നത്. ബജറ്റ് തയ്യാറാക്കുന്നത് എത്രമാത്രം നിരുത്തരവാദപരമായാണ് എന്ന് മുകളിൽ പറഞ്ഞതിൽ നിന്നും വ്യക്തമാണ്. ബജറ്റ് തയ്യാറാക്കുന്നവരും പഞ്ചായത്ത് കമ്മിറ്റിയിൽ ഈ ബജറ്റ് അംഗീകരിക്കുന്നവരും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 12-08-2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13249522 |
| വരവ് | 76817844 |
| ആകെ | 90067366 |
| ചെലവ് | 73523065 |
| നീക്കിയിരിപ്പ് | 16544301 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12829359 | 12829359 | 11743003 | 1086356 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11025730 | 11025730 | 10364334 | 661396 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 19180046 | 19180046 | 7306000 | 11874046 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5341107 | 5341107 | 3177081 | 2164026 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | 0 | 2557000 | 2557000 | 1960048 | 596952 |
| ടൈഡ് ഗ്രാന്റ് | 0 | 7453578 | 7453578 | 3611264 | 3842314 |

## 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 226 | 90361737 | 163 | 52072044 | -- | 63 | 72.12 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1372044 | 1372044 | 1372044 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റിരീയൽ കോസ്റ്റ് | 0 | 67196000 | 67196000 | 67196000 | 0 |

വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളുമായി മേൽപറഞ്ഞ കണക്ക് പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം 78690 രൂപ നീക്കിയിരിപ്പും RP40(a) പ്രകാരം 522300/- രൂപ മുന്നിരിപ്പും ഉള്ളതായി കാണുന്നു. കൂടാതെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഐ-6 ഷെഡ്യൂൾ പ്രകാരം വരവ് തുക 67376346 രൂപയാണ്. വ്യത്യാസം പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 8848400 | 618 |
| വിധവാ പെൻഷൻ | 18919400 | 1286 |
| വാർദ്ധക്യകാലപെൻഷൻ | 28196400 | 2040 |
| വികലാംഗ പെൻഷൻ | 5106800 | 334 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3375200 | 223 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.1.2023 തീയതിയിൽ 3.45 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15195/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ ചേർക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം. 15/12.01.23)

## 1-10-1 വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല.

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി

ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ 125 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding” എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-2 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകങ്ങൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

3.1തൻവർഷം

3.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രക | 15,33,048 | 15,33,707 | 8,832 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 15,33,048 | 15,24,216 | 8,832 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 11,39,097 | 11,16,922 | 7,208 | 16,686 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 11,39,097 | 11,15,203 | 7,208 | 16,686 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(17520/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

## 3.2കുടിശ്ശിക

### 3.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2139 | 2140 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1852 | 2139 | 0 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (250+1750= 2000/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

### 3.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 99,708 | 47,797 | 51,911 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 66,525 | 47,797 | 51,911 |
| | (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 21525+48326 = 69851* (/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(54,508/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 3.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 78333 | 109 | 78442 | 78060 | 108 | 78168 | 602 | | 0 | 0 | 0 |
| | നോൺ-റെസിഡൻഷ്യൽ | 57314 | 4987 | 62301 | 56174 | 2390 | 58564 | 370 | | 834 | 2597 | 3431 |
| | ആകെ | | | 1,40,743 | | | 1,36,732 | 972 | | 3,431 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 1,40,743 | | | 1,36,267 | | | | 1,37,312 | 3,427 | | |
| | | State Govt . Cess/levies...... ലെഡ്ജർ | | | (റസീറ്റ് & പേയ്മെന്റ്പത്രിക ,ഷെഡ്യൂൾ ആർ.പി- | | | | (431910101-State Govt Cess/ | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | |
|---|---|---|---|---|
| | 2021-22ലെ ലെഡ്ജർ പ്രകാരം | 36(വരവ്)) | | Levies...... ലെഡ്ജർ 2021-22) |

3.4 സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി.രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:- 3.1.1, 3.1.2, 3.3 എന്നീ പട്ടികകൾ)

3.5 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,36,267 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1,36,732 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് മേൽ രണ്ട് തുകകളുമല്ല, മറിച്ച് 1,37,312 രൂപയാണ്. (വൗച്ചർ 42100233/ 31.03.22)(പട്ടിക 3.3 കാണുക )

## 1-10-3 വസ്തുനികുതി കുടിശ്ശിക – ജേണൽ എൻട്രികൾ മുഖേന ഡിമാന്റ് വർദ്ധിപ്പിച്ചു. അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

വസ്തുനികുതി റിസീവബിൾസ് ലെഡ്ജർ പ്രകാരം താഴെ പറയുന്ന തുകകൾ ജേണൽ എൻട്രികൾ വഴി Prior Period Items മുഖേന ഡിമാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രേഖപ്പെടുത്തലുകൾ നിയമാനുസൃതമാണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വസ്തുനികുതി ശീർഷകം | ഡിമാന്റ് വർദ്ധിപ്പിച്ച തുക | ജേണൽ വൗച്ചർ നം. / തീയതി |
|---|---|---|
| 431100102- Receivables For Property Tax On Residential Buildings(Arrears) | 235/- | 42100214/01.04.21 |
| 431100104- Receivables For Property Tax On Non-Residential Buildings(Arrears) | 33,188 | 42100215/01.04.21 |

## 1-10-4 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-5 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 ൽ ഉൾപ്പെട്ട എല്ലാ ശീർഷകങ്ങളിലെയും എൻട്രികൾ ഒരുമിച്ചാണ് എഴുതി സൂക്ഷിക്കുന്നത്. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത് വാർഷികകണക്കിലെ ശീർഷകങ്ങളുമായി പൊരുത്തപ്പെടുന്ന രീതിയിൽ അല്ല.

## 1-10-6 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

അഡ്വാൻസ് നൽകിയ തുകകൾ ആർക്കാണെന്ന് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല (ഉദാ. ഫെസ്റ്റിവൽ അഡ്വാൻസ്). ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അഡ്വാൻസ് നൽകിയ തുകയുടെ തിരികെ ഈടാക്കൽ / അഡ്ജസ്റ്റ് വിവരങ്ങൾ മനസ്സിലാക്കുന്നതിന് അഡ്വാൻസ് രജിസ്റ്റർ

സഹായകരമല്ല.

### 1-10-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-8 കാഷ് ഫ്ലോ സ്റ്റേറ്റ് മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 32,94,779/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 77,80,091/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-9 ആസ്തികളുടെ ഡിപ്രിസിയേഷൻ- അപാകങ്ങൾ

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 ൽ ഉൾപ്പെട്ട 410100199- Land Others എന്ന ആസ്തി ഒഴികെയുള്ള ആകെ ആസ്തികളുടെ മൂല്യം 11,42,68,544/- രൂപയാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഡിപ്രിസിയേഷൻ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2021 വരെ ആർജ്ജിച്ച ആസ്തികളുടെ മൂല്യം 8,89,81,315/- രൂപയായി പരിഗണിച്ച് ടി തുകയിൻമേലാണ് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുള്ളത്.

### 1-10-10 എം.ജി.എൻ.ആർ.ഇ.ജി.എസ്. - ബാധ്യത ശീർഷകത്തിലെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ-ബി-4 പ്രകാരം 320100101- Centrally Sponsored Scheme- NREGA എന്ന ശീർഷത്തിലെ നീക്കിയിരിപ്പ് 78690/-- രൂപയാണ്. എന്നാൽ ഷെഡ്യൂൾ ബി-15 പ്രകാരം MGNREGS ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പായി ടി തുക ഉൾപ്പെടുത്തിയിട്ടില്ല.

### 1-10-11 കാലാവധി കഴിഞ്ഞ ചെക്കുകൾ ബാധ്യത ശീർഷകത്തിലേക്ക് മാറ്റി നീക്കിയിരിപ്പ് ക്രമീകരിച്ചില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| ബാങ്ക് ഓഫ് ബറോഡ 265/17.06.2019 | 21-06-19 | 12,223 |
| ബാങ്ക് ഓഫ് ബറോഡ 6519/31.12.2019 | 31-12-19 | 1,765 |
| ബാങ്ക് ഓഫ് ബറോഡ 8153/04.03.21 | 09-03-21 | 1,000 |
| ബാങ്ക് ഓഫ് ബറോഡ 8552/01.06.21 | 02-06-21 | 1,495 |
| ബാങ്ക് ഓഫ് ബറോഡ 8165/04.03.21 | 09-03-21 | 900 |

### 1-10-12 ഇടപാടുകൾ നടന്ന് ദീർഘകാലമായിട്ടും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിവിധ ബാങ്ക് അക്കൗണ്ടുകളുടെ വർഷാന്ത്യ റീകൺസിലിയേഷൻ പത്രിക പ്രകാരം ഇടപാടുകൾ നടന്ന് ദീർഘകാലമായിട്ടും Directly Credited By Bank, Directly Debited By Bank എന്നീയിനങ്ങളിൽ തുകകൾ അവശേഷിക്കുന്നു. ആയതിനാൽ ടി വരവുകൾ / ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | അക്കൗണ്ട് ശീർഷകം | Directly Debited By Bank | | Directly Credited By Bank | |
|---|---|---|---|---|---|
| | | തുക | തീയതി | തുക | തീയതി |

| | | | | | |
|---|---|---|---|---|---|
| 1 | 450210102 SBT-SAND | | | 54<br>54<br>53<br>53 | 25.12.21<br>25.09.21<br>25.06.21<br>23.03.22 |
| 2 | 450230102 SCB-Own Fund | | | 69<br>63 | 30.09.21<br>31.03.22 |
| 3 | 450410101 Canara - Literacy | 30<br>30 | 27.12.20<br>27.03.21 | | |
| 4 | 450220101-Bank Of Baroda | | | 100<br>100 | 05.07.21<br>05.07.21 |

### 1-10-13 പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ലഭ്യമാക്കിയില്ല.

432300201- Accumulated Provision For Outstanding Water Charges എന്ന ശീർഷത്തിൽ (76960) രൂപ ബാലൻസ് ഉണ്ട്. എന്നാൽ ടി പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് , ജേണൽ വൗച്ചർ എന്നിവ ലഭ്യമാക്കിയില്ല.

### 1-10-14 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-11 റദ്ദാക്കിയ സാംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ | റസീറ്റ് നമ്പർ/തീയതി | തുക | കളക്ഷൻ വർഷം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 3/589 | നന്ദകുമാർ ,ചങ്ങലത്തു വീട് | 121040102791 / 14.2.2022 | 369 | 2021 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാകക്കാനുള്ളത്. എന്നാൽ 2021-22 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയാണ് നികുതി അടവാക്കിയിട്ടുള്ളത്. |
| 2 | 13/474 | മണികണ്ഠൻ ,അരുമങ്കണ്ടിൽ | 121040104338 / 30.3.2022 | 333 | 2021 | സഞ്ചയ പ്രകാരം നികുതി കുടിശ്ശിക ഇല്ല. എന്നാൽ 2022-23 വർഷത്തിൽ നികുതി ഒന്നും അടവാക്കിയിട്ടില്ല. 2021-22 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നിന്നും നീക്കം ചെയ്യാത്തതിനാൽ 2022-23ലെ തുക അടവാക്കിയിട്ടില്ലെങ്കിലും ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 11/12.1.23) മറുപടി ലഭ്യമാക്കിയില്ല. ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇതു പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപ്പെടുത്തൽ വരാൻ കാരണമാകുന്നു. റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത രസീത് മുഖേനയുള്ള വരുമാനം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്നു ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറിന്റെ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല.

താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി നാളിതു വരെ പിരിച്ചെടുത്തിട്ടില്ല.

| വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | വാർഷിക വസ്തു നികുതി | നാളിതു വരെ പിരിച്ചെടുക്കാനുള്ള വസ്തു നികുതി |
|---|---|---|---|
| 9/411 | റിലൈൻസ് മൊബൈൽ ടവർ | 6930 | 35508 |
| 9/16 | സബ് ഡിവിഷണൽ എഞ്ചിനീയർ , ബി.എസ്.എൻ.എൽ മൊബൈൽ സർവീസ് | 13144 | 56594 |

മേൽവിഷയം സംന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/12.1.2023) മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറിന്റെ വസ്തു നികുതി സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസസ്സ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു.

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.(2,5,11,14 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ നിന്നുള്ളത്)

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 2/224<br>2/532 | സരോജിനി ,<br>മങ്ങാട്ടുളിപടി |
| 2 | 5/4<br>5/5 | തങ്കമ്മ,<br>കുറവത്തു പുത്തൻകളം |
| 3 | 11/124 | നാരായനെഴുത്തശ്ശൻ , |

| | | |
|---|---|---|
| | 11/171 | പാഴിയോട്ടിൽ |
| 4 | 14/232<br>14/234 | രാമകൃഷ്ണൻ ,<br>കള്ളിച്ചോലയിൽ |

B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല .

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആദ്യ നാലു വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 3 | 597 | A | അരവിന്ദാക്ഷൻ .പി.ആർ (പടിഞ്ഞാറേതിൽ ഹൗസ്, മായന്നൂർ, മായന്നൂർ പി ഒ,679105,9946532399(മൊബൈൽ)) | 59.52 |
| 2 | 4 | 366 | A | കല്യാണികുട്ടി(നെടുംന്തിരം കോണത്ത് ഹൗസ്,മായന്നൂർ,മായന്നൂർ പി ഒ,679105,8086962847(മൊബൈൽ)) | 40.59 |
| 3 | 6 | 418 | A | പാഞ്ചാലി(നമ്പിടി കുന്നത്ത് ഹൗസ്,കൊണ്ടാഴി,കൊണ്ടാഴി പി ഒ,679106,8592083565(മൊബൈൽ)) | 55.3 |
| 4 | 11 | 124 | A | രാധാകൃഷ്ണൻ(ചാഴിയോട്ടിൽതെക്കേതിൽ ഹൗസ്,ചേലക്കോട്,ചേലക്കോട് പി ഒ,680587,9544977353(മൊബൈൽ)) | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 11/12.1.23) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 4/245 | മനോജ് ഫ്രാൻസിസ് ,കൊല്ലമപറമ്പിൽ | C4-793/2022<br>9.2.2022 | 19.4.2021-30.9.2021 |
| 2 | 6/412 | കൃഷ്ണൻ, പി കെ ആർ നിലയം | C4-5080/2021<br>20.3.2021 | 7.10.2021-31.3.2022 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 11/12.1.23) മറുപടി ലഭ്യമാക്കിയില്ല. ചട്ടപ്രകാരം അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കാൻ നടപടി ഉണ്ടാകേണ്ടതാണ്. കൂടാതെ നികുതി ഇളവ് അനുവദിക്കുമ്പോൾ ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 3 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|
| 1 | 5/222 | വെരിഫിക്കേഷന് അയച്ചു. |
| 2 | 13/269 B | ഓപ്പറേറ്റർ ഡാറ്റ എൻട്രി തുടങ്ങി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 11/12.1.23) മറുപടി ലഭ്യമാക്കിയില്ല. ഡാറ്റ പ്യൂരിഫിക്കേഷൻ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 നികുതി ഡിമാന്റ് ചെയ്യാതെ കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ഇല്ലാത്ത വർഷങ്ങളിൽ ചില കെട്ടിടങ്ങൾക്ക് കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപെട്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Year | Period |
|---|---|---|---|---|---|---|
| 1 | 4 | 5540000 | | രേഖപ്പെടുത്തിയിട്ടില്ല | 2014 | First Half |
| 2 | 4 | 5540000 | | രേഖപ്പെടുത്തിയിട്ടില്ല | 2014 | Second Half |
| 3 | 4 | 5540000 | | രേഖപ്പെടുത്തിയിട്ടില്ല | 2015 | First Half |
| 4 | 4 | 5540000 | | രേഖപ്പെടുത്തിയിട്ടില്ല | 2015 | Second Half |
| 5 | 5 | 600 | | ലക്ഷ്മണൻ കെ.എ(അപ്പത്ത് പടി,പാറമേൽപടി,കൊണ്ടാഴി പി ഒ,679106) | 2017 | First Half |
| 6 | 5 | 600 | | ലക്ഷ്മണൻ കെ.എ(അപ്പത്ത് പടി,പാറമേൽപടി,കൊണ്ടാഴി പി ഒ,679106) | 2017 | Second Half |
| 7 | 5 | 600 | | ലക്ഷ്മണൻ കെ.എ(അപ്പത്ത് പടി,പാറമേൽപടി,കൊണ്ടാഴി പി ഒ,679106) | 2018 | First Half |
| 8 | 5 | 600 | | ലക്ഷ്മണൻ കെ.എ(അപ്പത്ത് പടി,പാറമേൽപടി,കൊണ്ടാഴി പി ഒ,679106) | 2018 | Second Half |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 11/12.1.23) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ഫാറം 4 പ്രകാരമുള്ള നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയ

അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ എന്നീ 6,11 വാർഡുകളിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പറുകളിലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Ward 6 | | | Ward 11 | | |
|---|---|---|---|---|---|
| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
| 25 | 26 | 2 | 191 | 191 | 1 |
| 30 | 30 | 1 | 201 | 201 | 1 |
| 32 | 32 | 1 | 204 | 204 | 1 |
| 67 | 69 | 3 | 206 | 206 | 1 |
| 71 | 72 | 2 | 214 | 215 | 2 |
| 75 | 75 | 1 | 218 | 218 | 1 |
| 86 | 86 | 1 | 226 | 226 | 1 |
| 89 | 89 | 1 | 230 | 234 | 5 |
| 91 | 92 | 2 | 236 | 237 | 2 |
| 97 | 97 | 1 | 239 | 240 | 2 |
| 100 | 100 | 1 | 247 | 247 | 1 |
| 122 | 123 | 2 | 249 | 250 | 2 |
| 154 | 154 | 1 | 261 | 261 | 1 |
| 201 | 201 | 1 | 263 | 263 | 1 |
| 213 | 214 | 2 | 265 | 265 | 1 |
| 248 | 248 | 1 | 348 | 348 | 1 |
| 256 | 256 | 1 | Total | | 24 |
| 277 | 277 | 1 | | | |
| 296 | 296 | 1 | | | |
| 328 | 328 | 1 | | | |
| 338 | 338 | 1 | | | |
| 345 | 345 | 1 | | | |
| 350 | 350 | 1 | | | |
| 354 | 355 | 2 | | | |
| 430 | 430 | 1 | | | |
| 480 | 480 | 1 | | | |
| 483 | 483 | 1 | | | |
| 485 | 486 | 2 | | | |
| 508 | 623 | 116 | | | |
| Total | | 153 | | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 11/12.1.23) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചു- വരുമാന നഷ്ടം.

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ

വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 40/-രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗ ക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 17/501 | മുഹമ്മദ് ഹുസൈൻ മുഹമ്മദ്, പാറോട്ടിൽ ഹൌസ്,പുഴക്കാട്ടിരി, കടുങ്ങപുരം,679321 | ഷോപ്പുകൾ | 130.94 $M^2$ |

| | സഞ്ചയയിലെ നികുതി നിർണയം | യഥാർത്ഥ നികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് ( ച .മീ) രൂപ | 40 | 50 |
| അടിസ്ഥാന വസ്തു നികുതി രൂപ | 5237.6 | 6547 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ | | |
| (എ .) മേഖല (തുക) | ഇല്ല | ഇല്ല |
| (ബി. ) വഴി സൗകര്യം (തുക) | ഇല്ല | ഇല്ല |
| (സി. ) മേൽക്കൂര (തുക) | ഇല്ല | ഇല്ല |
| (ഡി. ) കാലപ്പഴക്കം (തുക) | ഇല്ല | ഇല്ല |
| ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് | 314.3 | 392.9 |
| (ഇ. ) ആകെ ഇളവ്(%) | 6 % | 6 % |
| (എഫ്. ) ആകെ ഇളവ്(തുക) | 314.3 | 392.9 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ | | |
| (എ .) വഴി സൗകര്യം (തുക) | 1047.52 | 1309.4 |
| (ബി. ) തറ നിർമിതി (തുക) | ഇല്ല | ഇല്ല |
| (സി. ) എയർ കണ്ടിഷനിംഗ് (തുക) | ഇല്ല | ഇല്ല |
| (ഡി. ) ആകെ വർദ്ധനവ് (%) | 20 % | 20 % |
| (ഇ. ) ആകെ വർദ്ധനവ് (തുക) | 1047.52 | 1309.4 |
| | വാർഷിക തുക | വാർഷിക തുക |
| വസ്തു നികുതി (തുക) | 5972 | 7464 |
| ലൈബ്രറി സെസ്സ് (തുക) | 299 | 374 |
| ആകെ (തുക) | 6271 | 7838 |
| പ്രതിവർഷം കുറവായി ഡിമാൻഡ് ചെയ്ത തുക | 1567 | |
| നാളിതു വരെ കുറവായി ഡിമാൻഡ് ചെയ്ത തുക | 14103 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 11/12.1.23) മറുപടി ലഭ്യമാക്കിയില്ല. നാളിതു വരെ കുറവായി ഡിമാൻഡ് ചെയ്ത നികുതി പിഴ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | പി എസ് പ്രവീൺ (ശാന്തി) | മായന്നൂർ ദേവസ്വം | രണ്ടാം അർദ്ധവർഷം | 106920 | 1000 | 750 | 250 |
| 2 | അരുൺ ബാലചന്ദ്രൻ (മാരാർ) | മായന്നൂർ ദേവസ്വം | രണ്ടാം അർദ്ധവർഷം | 107712 | 1000 | 750 | 250 |
| 3 | അജീഷ് എസ് എ (പി ടി എസ് ) | വെറ്റിനറി ഡിസ്പെൻസറി മായന്നൂർ | രണ്ടാം അർദ്ധവർഷം | 81562 | 750 | 600 | 150 |
| 4 | സുശീല (ആയ) | ലക്ഷ്മി നാരായണൻ ആർട്സ് & സയൻസ് കോളേജ് ,മായന്നൂർ | രണ്ടാം അർദ്ധവർഷം | 30066 | 300 | 180 | 120 |
| | രജനി (തെറാപ്പിസ്റ്റ്) | നിള പ്രകൃതി ചികിത്സ ആയുർവേദ സെന്റർ | ഒന്നാം അർദ്ധവർഷം | 81000 | 750 | 600 | 150 |
| | അനീഷ പി (തെറാപ്പിസ്റ്റ്) | നിള പ്രകൃതി ചികിത്സ ആയുർവേദ സെന്റർ | ഒന്നാം അർദ്ധവർഷം | 81000 | 750 | 600 | 150 |
| | രാകേഷ് | ഡ്രീമാക്സ് തിയേറ്റർ | രണ്ടാം അർദ്ധവർഷം | 36000 | 300 | 180 | 120 |
| | അരവിന്ദ് | ഡ്രീമാക്സ് തിയേറ്റർ | രണ്ടാം അർദ്ധവർഷം | 36000 | 300 | 180 | 120 |
| | അനിൽ | ഡ്രീമാക്സ് തിയേറ്റർ | രണ്ടാം അർദ്ധവർഷം | 48000 | 450 | 180 | 270 |
| | മനോജ് | ഡ്രീമാക്സ് തിയേറ്റർ | രണ്ടാം അർദ്ധവർഷം | 36000 | 300 | 180 | 120 |
| | ബേബി | ഡ്രീമാക്സ് തിയേറ്റർ | രണ്ടാം അർദ്ധവർഷം | 24000 | 180 | 120 | 60 |
| | സത്യഭാമ | ഡ്രീമാക്സ് തിയേറ്റർ | രണ്ടാം അർദ്ധവർഷം | 24000 | 180 | 120 | 60 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 13/12.1.23) മറുപടി ലഭ്യമാക്കിയില്ല. കുറവായി ഈടാക്കിയ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 തൊഴിൽ നികുതി-മറ്റു അപാകങ്ങൾ

തൊഴിൽ നികുതി സംബന്ധിച്ചുള്ള മറ്റു അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ക്ഷീരോത്പാദക സഹകരണ സംഘം, മായന്നൂർ | രണ്ടാം അർദ്ധവർഷം |
| 2 | മണപ്പുറം ഫിനാൻസ്, മായന്നൂർ | രണ്ടാം അർദ്ധവർഷം |
| 3 | കെ എം ഫ്യൂവൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | അക്ഷയ ഹോളോ ബ്രിക്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | പ്രിയ സൂപ്പർമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | ഒമേഗ ഇൻഡസ്ട്രീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | രജന ടെക്സ്റ്റയിൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | ജെ-വേവ്സ് ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

2. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ബി.എസ്.എൻ.എൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. 2021-22 വർഷത്തെ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരും മേൽ വിലാസവും പഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമാക്കിയില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 13/12.1.23) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപങ്ങൾ/ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 വ്യാപാരലൈസൻസ്- അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. പ്രസ്തുത ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി തുക 500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 200, 300 എന്നിങ്ങനെ വ്യത്യസ്തമായ നിരക്കുകൾ ലൈസൻസ് ഫീ ആയി ഈടാക്കുന്നുണ്ട്. പ്രസ്തുത നിരക്കുകൾ ഈടാക്കാൻ അവലംബിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കേണ്ടതാണ്. നിരക്കുകൾ നിശ്ചയിച്ചു കൊണ്ടുള്ള ഭരണസമിതി തീരുമാനം ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

2) മേൽ ചട്ടങ്ങൾ ചട്ടം (18), പട്ടിക III പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ 1 മുതൽ 150 വരെ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ /ഉടമയുടെ പേര് | ഫയൽ നമ്പർ | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | പ്രകാശൻ കെ കെ | C4/1522/2021 26.2.2021 | 10 | 100 | 0 | 100 |
| 2 | സുരേഷ് ബാബു കെ പി | C4/1471/2021 25.2.2021 | 5 | 50 | 0 | 50 |

3) കൊണ്ടാഴി ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 739 |
| 2 | 100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 49 |
| 3 | 200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 38 |
| 4 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ | 8 |
| 5 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 40 |
| 6 | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ തുടങ്ങിയവ | 10 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 20 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 52 |
| | ആകെ | 956 |

ഗ്രാമപഞ്ചായത്തിൽ ആകെ 956 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2021-22 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റെർപ്രണർ ഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 956 കെട്ടിടങ്ങളിൽ 278 സ്ഥാപനങ്ങൾ മാത്രമെ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ബാക്കിയുള്ള 678 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ചതിന്റെ 29% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര – വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 71% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര - വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 12/12.1.23) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനും, സുരക്ഷിതത്വത്തിന് വെല്ലുവിളികൾ ഉയർത്തുന്നതിനും സാധ്യതയേറെയാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നു കുറവായി ഈടാക്കിയ തുക പിരിച്ചെടുക്കേണ്ടതും ഭാവിയിൽ ലൈസൻസ് നൽകുമ്പോൾ ചട്ട പ്രകാരമുള്ള ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 കെട്ടിടങ്ങളിൽ നിന്നുള്ള വാടക-അപാകതകൾ

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ സ്ഥലത്ത് പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടകയായി 2012-13 സാമ്പത്തിക വർഷം മുതൽ 799/- രൂപ മാത്രമാണ് പ്രതിമാസം ഈടാക്കി വരുന്നത്. നാളിതു വരെയായി വാടക വർദ്ധനവ്

വരുത്തിയിട്ടില്ല. പഞ്ചായത്ത് ഭരണ സമിതിയുടെ 08.07.2021 ലെ 1(2) തീരുമാനപ്രകാരം വാടക കൂട്ടി വാങ്ങുന്നതിനും ജി.എസ്.ടി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തിൽ പ്രതിമാസം 799 രൂപ തന്നെയാണ് വാടക ആയി ഈടാക്കിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിലാക്കാതിരുന്നതിനുള്ള കാരണവും വാടക കരാർ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 14/12.1.23) മറുപടി ലഭ്യമാക്കിയില്ല. വാടക വർദ്ധനവ് വരുത്തേണ്ടതും ജി.എസ്.ടി ഈടാക്കുകയും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ വിശദമായ വ്യവസ്ഥകളോടെയുള്ള, ചുമതലപ്പെട്ടവർ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയ വാടക കരാർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-23 വാട്ടർ കണക്ഷൻ ഫീ - കുടിശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് മുഖേന കുടിവെള്ള കണക്ഷൻ നൽകി വരുന്നുണ്ട്(തേക്കിൻകാട് വാഴാട് കുടിവെള്ള പദ്ധതി). കുടിവെള്ള കണക്ഷൻ രജിസ്റ്റർ പ്രകാരം ആകെ 709 കണക്ഷൻ ആണ് പഞ്ചായത്തിൽ നൽകിയിട്ടുള്ളത്. 2021-22 ലെ വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിൽ 31.3.2022 ൽ ആകെ 1198960/-രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 12.7.2021 ലെ യോഗത്തിലെ 22/2 നമ്പർ തീരുമാന പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്ത് തേക്കിൻകാട് വാഴാട് കുടിവെള്ള പദ്ധതിയിൽ ഗുണഭോക്താക്കളിൽ നിന്നും ഭീമമായ തുക കുടിശ്ശികയായി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ടെന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സഹായിക്കുന്നതിനുമായി ഒരാളെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും യോഗം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളും അവയുടെ പുരോഗതിയുടെ വിവരങ്ങളും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 9/11.1.23) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന് ലഭ്യമാവാനുള്ള തുക എത്രയും പെട്ടെന്ന് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 തേക്ക് മരം ലേലം നടത്തിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല

ഭരണസമിതിയുടെ 25.5.2021- ലെ തീരുമാനം 1 (അജണ്ട 39) പ്രകാരം ചീരക്കുഴി ഇറിഗേഷൻ കനാലിന് സമീപത്തെ പ്ലാവു മരം മുറിച്ചു നീക്കുന്നതിനും മായന്നൂർ വെറ്ററിനറി ആശുപത്രിയിലെ തേക്കുമരം മുറിച്ചു മാറ്റുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിൽ വെറ്ററിനറി ആശുപത്രിയിലെ തേക്ക് മരത്തിന്റെ വാല്യുവേഷൻ വനം വകുപ്പിൽ നിന്നും 12000 രൂപയായി നിശ്ചയിച്ച് തന്നിട്ടുണ്ട്. പ്ലാവിന്റെ വാല്യുവേഷൻ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല. മുകളിൽ പറഞ്ഞ മരങ്ങൾ മുറിച്ചുമാറ്റി നിയമാനുസരണം ലേലം നടത്തി തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിൽ അറിയിക്കാനും ലേലം നടത്തിയിട്ടില്ലെങ്കിൽ ടി മരങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 2/6.1.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മുറിച്ചു മാറ്റിയ മരങ്ങളുടെ ലേലം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം | പേര് | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | കമലം | 107360600787 | 2.6.2021 | ആക്ടീവ് |
| 2 | നാരായണൻ കുട്ടി | 107360201858 | 30.5.2021 | ആക്ടീവ് |
| 3 | കാളി | 107360600079 | 8.5.2021 | ആക്ടീവ് |
| 4 | രാമചന്ദ്രൻ | 107360200810 | 26.10.2021 | ആക്ടീവ് |
| 5 | ലക്ഷ്മി | 107360100980 | 23.11.2021 | ആക്ടീവ് |
| 6 | നാരായണൻ കുട്ടി | 107360200479 | 28.12.2021 | ആക്ടീവ് |
| 7 | ദേവകി | 107360100727 | 12.1.2022 | ആക്ടീവ് |
| 8 | നാരായണൻ കുട്ടി | 107360201619 | 15.2.2022 | ആക്ടീവ് |

| | | | | |
|---|---|---|---|---|
| 9 | പി സി രാജഗോപാലൻ | 107360200078 | 4.3.2022 | ആക്ടീവ് |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ/ തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | കമലം | 107360600787 | വിധവ പെൻഷൻ | 2.6.2021 | 69/2021 23.6.2021 | ആക്ടീവ് | 7/21 - 11/22 | 1600 | 27200 | 27200 |
| 2 | നാരായണൻ കുട്ടി | 107360201858 | വാർദ്ധക്യ-കാല പെൻഷൻ | 30.5.2021 | 70/2021 24.6.2021 | ആക്ടീവ് | 6/21 - 11/22 | 1600 | 28800 | 28800 |
| 3 | കാളി | 107360600079 | വിധവ പെൻഷൻ | 8.5.2021 | 81/2021 16.7.2021 | ആക്ടീവ് | 6/21 - 11/22 | 1600 | 28800 | 28800 |
| 4 | രാമചന്ദ്രൻ | 107360200810 | വാർദ്ധക്യ-കാല പെൻഷൻ | 26.10.2021 | 139/2021 15.12.2021 | ആക്ടീവ് | 11/21 - 11/22 | 1600 | 20800 | 20800 |
| 5 | ലക്ഷ്മി | 107360100980 | കർഷക തൊഴിലാളി പെൻഷൻ | 23.11.2021 | 7/2022 25.1.2022 | ആക്ടീവ് | 12/21 - 11/22 | 1600 | 19200 | 19200 |
| 6 | നാരായണൻ കുട്ടി | 107360200479 | വാർദ്ധക്യ-കാല പെൻഷൻ | 28.12.2021 | 11/2022 31.1.2022 | ആക്ടീവ് | 1/22 - 11/22 | 1600 | 17600 | 17600 |
| 7 | ദേവകി | 107360100727 | കർഷക തൊഴിലാളി പെൻഷൻ | 12.1.2022 | 16/2022 15.2.2022 | ആക്ടീവ് | 2/22 - 11/22 | 1600 | 16000 | 16000 |
| 8 | നാരായണൻ കുട്ടി | 107360201619 | വാർദ്ധക്യ-കാല പെൻഷൻ | 15.2.2022 | 28/2022 | ആക്ടീവ് | 3/22 - 11/22 | 1600 | 14400 | 14400 |
| 9 | പി സി രാജഗോപാലൻ | 107360200078 | വാർദ്ധക്യ-കാല പെൻഷൻ | 4.3.2022 | 42/22 | ആക്ടീവ് | 4/22 - 11/22 | 1600 | 12800 | 12800 |
| 10 | ജാനകി അമ്മ | 107360100036 | കർഷക തൊഴിലാളി പെൻഷൻ | 25.2.2021 | 48/2021 15.4.2021 | സസ്പെൻഡ് | 3/21 | 1500 | 1500 | 6300 |
| | | | | | | | 4/21 - 6/21 | 1600 | 4800 | |
| 11 | രാമകൃഷ്ണൻ | 107360201535 | വാർദ്ധക്യ-കാല പെൻഷൻ | 25.4.2021 | 64/2021 23.6.2021 | സസ്പെൻഡ് | 5/21 - 8/21 | 1600 | 6400 | 6400 |
| 12 | കാളി | 107360101067 | കർഷക തൊഴിലാളി പെൻഷൻ | 6.6.2021 | 82/2021 22.7.2021 | സസ്പെൻഡ് | 7/21 - 12/21 | 1600 | 9600 | 9600 |
| 13 | ഇന്ദിര | 107360600895 | വിധവ പെൻഷൻ | 15.8.2021 | 94/2021 13.9.2021 | സസ്പെൻഡ് | 9/21 - 10/21 | 1600 | 3200 | 3200 |
| 14 | നാഗരാജൻ പി എൻ | 107360201644 | വാർദ്ധക്യ-കാല പെൻഷൻ | 17.7.2021 | 120/2021 8.111.2021 | സസ്പെൻഡ് | 8/21 - 6/22 | 1600 | 17600 | 17600 |
| 15 | രാമകൃഷ്ണൻ പി | 107360201125 | വാർദ്ധക്യ-കാല | 11.10.2021 | 135/2021 14.12.2021 | സസ്പെൻഡ് | 11/21 - 2/22 | 1600 | 6400 | 6400 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | പെൻഷൻ | | | | | | | |
| 16 | റുക്കിയ | 107360600739 | വിധവ പെൻഷൻ | 18.8.2021 | 127/2021 26.11.2021 | സസ്പെൻഡ് | 9/21 - 2/22 | 1600 | 9600 | 9600 |
| 17 | രാമകൃഷ്ണൻ എ കെ | 107360202421 | വാർദ്ധക്യ-കാല പെൻഷൻ | 11.10.2021 | 135/2021 14.12.2021 | സസ്പെൻഡ് | 11/21 - 2/22 | 1600 | 6400 | 6400 |
| 18 | പ്രഭാവതി | 107360601268 | വിധവ പെൻഷൻ | 20.11.2021 | 33/2022 | സസ്പെൻഡ് | 12/21 - 2/22 | 1600 | 4800 | 4800 |
| 19 | രാജൻ കെ | 107360202459 | വാർദ്ധക്യ-കാല പെൻഷൻ | 11.3.2022 | 40/2022 | സസ്പെൻഡ് | 4/22 | 1600 | 1600 | 1600 |
| ആകെ അധികം നൽകിയ തുക | | | | | | | | | | 257500 |

3. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ കൊണ്ടാഴി പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാല യളവ് | തുക | ആകെ | |
| 1 | സൈതലവി | 102050203452 | വാർദ്ധക്യ-കാല പെൻഷൻ | 3.5.2021 | 61/2021 24.5.2021 | സസ്പെൻഡ് | ഒറ്റപ്പാലം നഗരസഭ | 6/21 - 8/21 | 1600 | 4800 | 4800 |
| 2 | കമലാക്ഷി | 102060600479 | വിധവ പെൻഷൻ | 19.12.2021 | 3/2022 5.1.2022 | ആക്റ്റീവ് | ഷൊറണ്ണൂർ നഗരസഭ | 1/22 - 11/22 | 1600 | 17600 | 17600 |
| 3 | രാമൻകുട്ടി | 107380200623 | വാർദ്ധക്യ-കാല പെൻഷൻ | 1.1.2022 | 24/2022 2.3.2022 | സസ്പെൻഡ് | പഴയന്നൂർ ഗ്രാമപഞ്ചായത്ത് | 2/22 - 4/22 | 1600 | 4800 | 4800 |
| 4 | കുഞ്ഞിലക്ഷ്മി | 107390600199 | വിധവ പെൻഷൻ | 29.1.2022 | 31/2022 | ആക്റ്റീവ് | തിരുവില്വാമല ഗ്രാമപഞ്ചായത്ത് | 2/22 - 11/22 | 1600 | 16000 | 16000 |
| 5 | വേശു | 110840100586 | കർഷക തൊഴിലാളി പെൻഷൻ | 23.2.2022 | 41/2022 | ആക്റ്റീവ് | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | 3/22 - 11/22 | 1600 | 14400 | 14400 |
| | ആകെ അധികം നൽകിയ തുക | | | | | | | | | | 57600 |

4. സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിനോടൊപ്പമുള്ള ലിസ്റ്റിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്. മേൽ കത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐഡി | പെൻഷൻ വിതരണം തുടങ്ങിയ തീയതി |
|---|---|---|---|
| 1 | ഇ സി തോമസ് | 107360400001 | 01/01/2008 |
| 2 | ചന്ദ്ര ആർ | 107360500131 | 01/08/2011 |

| | | | |
|---|---|---|---|
| | നായർ | | |
| 3 | ശോഭ | 107360600807 | 01/08/2011 |
| 4 | വത്സല പി ആർ | 107360600808 | 01/08/2011 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 10/12.1.23) മറുപടി ലഭ്യമാക്കിയില്ല.

5. 2021-22 വർഷത്തെ വിവരാവകാശ ഫയൽ പരിശോധിച്ചതിൽ മേഘ്ന രമേശ് എന്നയാൾക്ക് സി-2 3930/21 തീയതി 2.8.2021 നമ്പർ വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടി പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു വരുന്ന ടെക്നിക്കൽ അസിസ്റ്റന്റിന് 2017 ഏപ്രിൽ മാസം മുതൽ വിധവാ പെൻഷൻ അനുവദിച്ചു വരുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 97/2020/ധന. തീയതി 23.9.2020 ഖണ്ഡിക 1 പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കൂടരുത് എന്നും ഖണ്ഡിക 6 പ്രകാരം അപേക്ഷകൻ കേന്ദ്ര സർക്കാർ, മറ്റ് സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം/പെൻഷൻ /കുടുംബപെൻഷൻ എന്നിവ ലഭിക്കുന്ന വ്യക്തിയാകരുത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം നിബന്ധനകൾ നിലനിൽക്കേ എന്ത് മാനദണ്ഡപ്രകാരമാണ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന വ്യക്തിക്ക് വിധവാ പെൻഷൻ അനുവദിച്ചു വരുന്നത് എന്ന് വ്യക്തമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 1/6.1.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ടിയാൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള അന്വേഷണം നടത്തിയത് ശ്രീമതി റോസ് മേരി, ഐസിഡിഎസ് സൂപ്പർവൈസറാണെന്നും പെൻഷൻ അനുവദിച്ചത് സെക്രട്ടറി ശ്രീമതി ജയലക്ഷ്മി എന്നയാളാണെന്നും വിവരാവകാശ നിയമപ്രകാരമുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. അർഹതയില്ലാത്തയാൾക്ക് നൽകി വരുന്ന വിധവാ പെൻഷൻ ഉടനടി നിർത്തലാക്കുന്നതിനും ടിയാൾ അർഹതയില്ലാതെ കൈപ്പറ്റിയ മുഴുവൻ തുകയും ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ചു അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ അനർഹമായി നൽകിയ 257500/- രൂപ എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചും ക്രമ നമ്പർ 4 ൽ പരാമർശിച്ച വ്യക്തികളിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കിയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല

| ക്രമ നം | പ്രോജക്ട് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നം | തുക (₹) |
|---|---|---|---|---|
| 1 | 1/22 ഐ.കെ.എം. വിഹിതം(വികസന ഫണ്ട് ജനറൽ) | ഇൻഫർമേഷൻ കേരള മിഷൻ | 22101002/05.10.22 | 76,270 |
| 2 | 35/22 കാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | ജില്ലാ പഞ്ചായത്ത് | 22101195/13.01.22 | 1,00,000 |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ- 03/10.01.23)

### 1-27 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. 20875/- രൂപ തടസ്സപ്പെടുത്തുന്നു.

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ (പ്രൊ.നം. 81/22) എന്ന പ്രൊജക്ട് പ്രകാരം വികസനഫണ്ട് (എസ്.സി.പി) ഉപയോഗിച്ച് Artco Ltd. Kozhikode ൽ നിന്നും കട്ടിലൊന്നിന് ₹4,175/- നിരക്കിൽ 89 കട്ടിലുകൾ ₹3,71,575/- (വൗ.നം. 22101219/12.02.22) വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. KKD314/05.02.22).

അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ജാതി സർട്ടിഫിക്കറ്റ് ഇല്ല.

| ക്രമനമ്പർ | വിതരണ രജിസ്റ്ററിലെ ക്രമനമ്പർ | പേര് |
|---|---|---|
| 1 | 30 | സരോജിനി വേലായുധൻ, മാങ്ങാട്ടിളിപ്പടി,പഴയന്നൂർ |
| 2 | 46 | ജാനു,കോലക്കാട്ടുകുന്നിൽ , കൊണ്ടാഴി |
| 3 | 89 | ജാനകി,ലക്ഷംവീട് കോളനി,കൊണ്ടാഴി |
| 4 | 94 | കമലം ,മുത്തങ്ങക്കുണ്ട്,ചേലക്കോട് |
| 5 | 107 | കുഞ്ഞുകുട്ടൻ ,മുത്തങ്ങക്കുണ്ട്,ചേലക്കോട് |

മേൽ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് വരെ കട്ടിൽവിതരണത്തിനായി ചെലവഴിച്ച ₹20,875/- (4175 * 5) തടസ്സപ്പെടുത്തുന്നു.

### 1-28 വേലൂർപ്പടി കോളനിയിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ- നാളിതു വരെ പ്രവർത്തനക്ഷമമല്ല. 84400/- രൂപ തടസ്സപ്പെടുത്തുന്നു.

അസി.സെക്രട്ടറി നടപ്പാക്കിയ വേലൂർപ്പടി കോളനിയിൽ മിനിമാസ്റ്റ്(വാർഡ് 13) (പ്രൊ.നം.228/22) എന്ന പ്രൊജക്ട് പ്രകാരം വികസനഫണ്ട് (എസ്.സി.പി) ഉപയോഗിച്ച് വേലൂർപ്പടി കോളനിയിൽ മിനിമാസ്റ്റ് സ്ഥാപിച്ചതിന് Riz Saf Lighting Solutions, Edavetty P.O, Thodupuzha, Idukki എന്ന സ്ഥാപനത്തിന് 84,400/- രൂപ വൗച്ചർ നം. 22101446/30.03.22 പ്രകാരം നൽകിയിട്ടുണ്ട്. എം.ബുക്ക് നമ്പർ 276/20-21 പേജ് നമ്പർ 20 പ്രകാരം പ്രവൃത്തി എല്ലാതരത്തിലും പൂർത്തീകരിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ അസി.സെക്രട്ടറിയുടെ 29.08.22 ലെ സി2-2098/20 നമ്പർ കത്ത് പ്രകാരം നാളിതുവരെയായി മിനിമാസ്റ്റ് ലൈറ്റ് പ്രവർത്തനക്ഷമമല്ലെന്നും കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ ലൈറ്റ് തെളിയിക്കുന്നതിനാവശ്യമായ പ്രവൃത്തി ചെയ്തിട്ടില്ലെന്നും ആയത് പൂർത്തീകരിക്കുന്നതിന് Riz Saf Lighting Solutions എന്ന സ്ഥാപനത്തിന് കെ.എസ്.ഇ.ബി. അറിയിപ്പ് നൽകിയിട്ടുണ്ടെന്നും വ്യക്തമാണ്. ലൈറ്റ് തെളിയിക്കാത്തതു സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ഭരണസമിതിയിൽ നിന്നും വ്യാപകമായ പരാതി ലഭിക്കുന്നതിനാൽ എത്രയും പെട്ടെന്ന് ലൈറ്റ് തെളിയിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നും മേൽ കത്ത് പ്രകാരം സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (4/10.01.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മിനിമാസ്റ്റ് ലൈറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈറ്റ് പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മിനിമാസ്റ്റ് പ്രവർത്തനക്ഷമമാക്കുന്നത് വരെ പ്രൊജക്ടിനായി ചെലവഴിച്ച ₹84,400/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-29 എസ്.സി.കോളനികളിൽ വാതിൽപ്പടി സേവനത്തിന് വനിതകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ - ലാപ് ടോപ്പ് കൈപ്പറ്റ്, വിതരണരേഖകൾ ഇല്ല. 121075/- രൂപ തടസ്സപ്പെടുത്തുന്നു.

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി.കോളനികളിൽ വാതിൽപ്പടി സേവനത്തിന് വനിതകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ (പ്രൊ.നം.266/22) എന്ന പ്രൊജക്ട് പ്രകാരം വികസന ഫണ്ട് എസ്.സി.പി. ഉപയോഗിച്ച് എസ്.സി.കോളനികളിൽ വാതിൽപ്പടി സേവനത്തിന് വനിതകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ടാബ് / ലാപ് ടോപ്പ് വാങ്ങി നൽകുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വാതിൽപ്പടി

സേവനത്തിനായി പ്രവർത്തിക്കാൻ താല്പര്യമുള്ള പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വനിത സന്നദ്ധ പ്രവർത്തകരിൽ നിന്നും അപേക്ഷ ക്ഷണിച്ചതായി ഫയലിൽ കാണാൻ സാധിച്ചു. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. GeM മുഖാന്തിരം Manframe Computers Pvt. Ltd., Mangalore എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ MFCPL 2656 / 24.03.22 പ്രകാരം HP 240 G813 Laptop മൂന്നെണ്ണം 121075/- രൂപക്ക് വൗച്ചർ നമ്പർ 22101439/30.03.22 ന് വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത വിവരം ഫയലിൽ ഇല്ല. ടി ലാപ് ടോപ്പുകൾ കൈപ്പറ്റി വിതരണം ചെയ്ത വിവരങ്ങളും മേൽ പ്രൊജക്ടിലെ തുടർ നടപടികളും ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/10.01.23) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച തുകയായ ₹1,21,075 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 കുടിവെള്ള പ്രോജക്ടുകളിൽ ഗുണഭോക്തൃ വിഹിതം സമാഹരിക്കുന്നില്ല

കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ താഴെ പറയുംപ്രകാരം 15 കുടിവെള്ള പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/തീയതി | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 162/22 | അണ്ണക്കരക്കുണ്ട്-കരിക്കലോടിപ്പറമ്പ് കുടിവെള്ള പദ്ധതിക്ക് ബോർവെൽ | 123984 |
| 2 | 161/22 | കല്ലങ്കാട് കുടിവെള്ള പദ്ധതിക്ക് ബോർവെൽ | 103051 |
| 3 | 179/22 | പ്ലാന്റേഷൻ കുടിവെള്ള പദ്ധതിക്ക് ബോർവെൽ | 109760 |
| 4 | 210/22 | ഡി സി കോളനിയിൽ കുഴൽകിണർ നിർമ്മാണം | 110238 |
| 5 | 198/22 | പണ്ടാരംകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം | 189833 |
| 6 | 156/22 | ഡി സി കോളനി കുടിവെള്ള പദ്ധതിക്ക് മോട്ടോർ ടാങ്ക് അനുബന്ധ പ്രവൃത്തികൾ | 240396 |
| 7 | 206/22 | പാറോലത്തോട് കുടിവെള്ള പദ്ധതി | 249992 |
| 8 | 216/22 | ചേലക്കോട് കുടിവെള്ള പദ്ധതിക്ക് മോട്ടോർ പമ്പ് ഹൌസ് അനുബന്ധപ്രവർത്തനങ്ങൾ | 285730 |
| 9 | 135/22 | കാട്ടാളത്ത് കോളനി കുടിവെള്ള പദ്ധതി | 117835 |
| 10 | 264/22 | ഒലിച്ചി കോളനി കുടിവെള്ള പദ്ധതിക്ക് ടാങ്ക് സ്ഥാപിക്കൽ | 158216 |
| 11 | 148/22 | ലക്ഷംവീട് കോളനി കുടിവെള്ളപദ്ധതി | 196387 |
| 12 | 263/22 | വീട്ടിക്കുന്ന് സാമ്പവകോളനി കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ മാറ്റൽ | 260496 |
| 13 | 199/22 | ചൂരിത്തോട്ടിൽ വെള്ളത്തേടത്ത് സ്വാശ്രയ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം | 95260 |

| | | | |
|---|---|---|---|
| 14 | 294/22 | പാറോലത്തോട് കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ | 57798 |
| 15 | 223/22 | ചൂരിത്തോട്ടിൽ വെളുത്തേടത്ത് പാറ സ്വാശ്രയ കുടിവെള്ള പദ്ധതി പൂർത്തീകരണം | 74017 |
| | ആകെ | | 2372993 |

13-ാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ. തീയതി 29.1.2018 ഖണ്ഡിക 7.1.(ബി) - ജലസംരക്ഷണം - (6) പ്രകാരം എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തണമെന്നും കുടിവെള്ള പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ് എന്ന് പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്ടുകൾ നടപ്പാക്കിയത് എന്ന് കാണുന്നു. ആയതിന്റെ കാരണം ഓഡിറ്റിൽ വിശദമാക്കുവാനും അതോടൊപ്പം മേൽപറഞ്ഞ കുടിവെള്ള പ്രോജക്ടുകളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമായിട്ടുണ്ട് എന്നും എത്രയെണ്ണം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുണ്ട് എന്നും ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 5/11.1.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി മേൽ കുടിവെള്ളപദ്ധതികളുടെ ഗുണഭോക്താക്കൾ ഭൂരിഭാഗവും പാവപ്പെട്ടവരും സാമ്പത്തികമായി പിന്നിൽ നിൽക്കുന്നവരുമായതിനാൽ ഗുണഭോക്തൃവിഹിതം സമാഹരിക്കുന്നതിനുള്ള സാധ്യത തീരെ ഇല്ല എന്നും നിലവിലെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്, സംരക്ഷണം എന്നിവയുടെ ചെലവുകൾക്ക് തന്നെ ഗുണഭോക്തൃ കമ്മിറ്റികൾ ബുദ്ധിമുട്ടുന്ന അവസ്ഥയിലാണ് എന്നും ഈ സാഹചര്യത്തിലാണ് ഗുണഭോക്തൃവിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്താതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ പട്ടകയിൽ ക്രമനമ്പർ 1, 2 എന്നിവയിൽ കുഴൽക്കിണർ കുഴിച്ച് വെള്ളം ലഭിച്ചിട്ടുണ്ട് എന്നും തുടർ പ്രവൃത്തികൾക്കായി പുതിയ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്നും ക്രമനമ്പർ 4, 6, 9 എന്നിവയുടെ പൂർത്തീകരണത്തിനായി 2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ഏറ്റെടുത്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ക്രമനമ്പർ 1, 2 എന്നിവയിലെ പ്രോജക്ടുകളുടെ തുടർപ്രോജക്ടുകൾ നടപ്പാക്കി പ്രോജക്ടുകളുടെ ലക്ഷ്യം പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കേണ്ടതാണ്. അതോടൊപ്പം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഗുണഭോക്തൃവിഹിതം പ്രോജക്ടിൽ ഉൾപ്പെടുത്താനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുമാണ്.

## 1-31 അസി.എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളുടെ ചെലവ് പരിശോധനയുടെ ഭാഗമായി രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ പൊതുവായി കാണപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. കരാറുകാരുമായുള്ള എഗ്രിമെന്റിന്റെ ഭാഗമായി പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടില്ല.
2. . പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.
3. ക്യാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. തുകകൾ വരവ് വന്ന തീയതി, ചെക്ക് നമ്പർ/ട്രഷറി ബിൽ നമ്പർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്ന രീതിയിൽ ക്യാഷ് ബുക്ക് എഴുതുന്നില്ല. ക്യാഷ് ബുക്ക് ദിവസ, മാസ, വാർഷിക അടിസ്ഥാനത്തിൽ ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടിയായി (ഓഡിറ്റ് അന്വേഷണം നമ്പർ 6/11.1.2023) പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ താരതമ്യേന ചെറിയ പ്രവൃത്തികളായതിനാലാണ് പ്രവർത്തന കലണ്ടർ തയ്യാറാക്കാതിരുന്നത് എന്നും വരും വർഷങ്ങളിൽ പ്രവർത്തനകലണ്ടർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 അസി.എഞ്ചിനീയറുടെ കാനറാ ബാങ്ക് അക്കൗണ്ടിലെ ബാലൻസ് തുക - ഉറവിടം വ്യക്തമല്ലാത്തതിനാൽ തനത് ഫണ്ടിലേക്ക് മാറ്റാവുന്നതാണ്

അസി.എഞ്ചിനീയറുടെ പേരിൽ കാനറാ ബാങ്കിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം.0801101060041) ലഭ്യമാക്കിയ ബാങ്ക് പാസ്ബുക്ക് പ്രകാരം 31/07/2021-ൽ 1,84,478/- രൂപ നീക്കിയിരിപ്പുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി ഇടപാടുകളൊന്നും നടത്താത്ത ഈ അക്കൗണ്ടിലെ ബാലൻസ് തുക ഏതിനത്തിൽ ലഭിച്ചതാണെന്ന് വ്യക്തതയില്ലെന്നാണ് ഇതു സംബന്ധിച്ച് അസി. എഞ്ചിനീയർ അറിയിച്ചത്. തുകയുടെ ഉറവിടം കണ്ടുപിടിക്കാനാകാത്ത സാഹചര്യമാണെങ്കിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അനുമതിയോടെ ടി അക്കൗണ്ടിലെ ബാലൻസ് തുക

പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റാവുന്നതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഇക്കാര്യം 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഉൾപ്പെടുത്തിയിരുന്നു. അതനുസരിച്ച് 19.7.2022-ലെ 39/LID & EW/KDY/22-23 നമ്പർ കത്ത് പ്രകാരം അസി.എഞ്ചിനീയർ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട് എങ്കിലും നാളിതുവരെ ഇക്കാര്യം ഭരണസമിതി പരിശോധിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - രജിസ്ട്രേഷൻ ഇല്ലാത്ത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തി. 75000/- രൂപ തടസ്സപ്പെടുത്തുന്നു.

ഹെഡ് മിസ്ട്രസ് , ജി.യു.പി.എസ്. മായന്നൂർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് (പ്രൊ.നം.68/22) എന്ന പ്രൊജക്ട് പ്രകാരം വികസനഫണ്ട് (ജനറൽ) ഉപയോഗിച്ച് പഞ്ചായത്തിലെ 20 യുവജനക്ലബ്ബുകൾക്ക് സയനോര സ്പോർട്സ് , ടോയ്സ് & ഗിഫ്റ്റ്, ചേലക്കര എന്ന സ്ഥാപനത്തിൽ നിന്നും 75000/- രൂപയ്ക്ക് വൗച്ചർ നം.22101421/30.03.22 പ്രകാരം വിവിധ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ക്ലബ്ബുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. എള്ളുത്തിപ്പാറ ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചേലക്കോട്

2. സംഘവേദി കലാസമിതി, മാങ്കുളം, മായന്നൂർ

3. വിന്നേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ഒന്നാംകല്ല്, സൗത്ത് കൊണ്ടാഴി

4. ശ്രീദുർഗ്ഗ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കുട്ടിൽമുക്ക്, മായന്നൂർ

5. ഡൈനാമോ കിവിസ് ആർട്സ് & സ്പോർട്സ് , കൾച്ചറൽ& സോഷ്യൽ ക്ലബ്ബ്, പാറമേൽപ്പടി

6. ഉദയക്ലബ്ബ്, മേലേമുറി, കൊണ്ടാഴി

7. ദ മിഷൻ ഗ്രൂപ്പ് ക്ലബ്ബ്, ചേപ്പാൻകുന്ന്, മായന്നൂർ

8. ബ്ലൂസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പൂളമേട്, ചേലക്കോട്

9. ബ്രോസ് അക്ഷരവേദി, മായന്നൂർ തീപ്പാറ

10. ഫീനിക്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മായന്നൂർ, ലാസർപ്പടി

11. പ്ലാന്റേഷൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, സൗത്ത് കൊണ്ടാഴി

12. യുവഭാവന കടവ്, ബോയ്സ് ക്ലബ്ബ്, മായന്നൂർ, കടവ്

13. MFA ഭൂദാൻ കോളനി, മായന്നൂർ

14. NGB ക്ലബ്ബ്, സൗത്ത് കൊണ്ടാഴി

15. FC പൂളച്ചോട്, സൗത്ത് കൊണ്ടാഴി

16. നവയുഗ ക്ലബ്ബ്, മായന്നൂർ

17. മില്ലേനിയം ക്ലബ്ബ്, മായന്നൂർ

18. സോപാനം ആർട്സ് & സ്പോർട്സ് ക്ലബ്ബ് , മായന്നൂർ

19. സംഗീത ക്ലബ്ബ്, മായന്നൂർ

20. വിസ്മയ ക്ലബ്ബ്, വീട്ടിക്കുന്ന്, കൊണ്ടാഴി

സർക്കാർ ഉത്തരവ് (കൈ)നം. 22/18/തസ്വഭവ തീയതി 14/02/18 ഖണ്ഡിക 7.6.13 പ്രകാരം രജിസ്റ്റേഡ് യുവജനക്ലബ്ബുകൾക്കാണ് സ്പോർട്സ് കിറ്റ് വിതരണം ചെയ്യേണ്ടത്. കേരള സ്പോർട്സ് ആക്ട്, 2000 സെക്ഷൻ 31(7) പ്രകാരം ഏതെങ്കിലും പ്രദേശത്ത് പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾ, ടി ആക്ട് പ്രകാരം തന്നെ രൂപീകൃതമായ ആ പ്രദേശത്തെ കോർപ്പറേഷൻ/മുനിസിപ്പൽ/വില്ലേജ് സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ് എന്ന് അനുശാസിക്കുന്നുണ്ട്. ഇപ്രകാരമുള്ള നിയമം മുഖേന രജിസ്റ്റർ ചെയ്യപ്പെട്ട യുവജന ക്ലബ്ബുകൾക്കാണ് സബ്സിഡിക്ക് അർഹത. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ (കൈ) നം.11/2018/ ത.സ്വ.ഭ.വ തീയ്യതി 29.01.2018) ഖണ്ഡിക 7.10(4) പ്രകാരം ഗ്രാമതല സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. 04.02.2010 ലെ 8378/DA1/2010/ ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമതല സ്പോർട്സ് കൗൺസിൽ രൂപീകരിക്കേണ്ടതും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളെ ഗ്രാമതല സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്യിക്കേണ്ടതുമാണ്. സ്പോർട്സ് കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ

യുവജനക്ലബ്ബുകളുടെ ഏകോപന സമിതി നിശ്ചയിക്കണം. എല്ലാ ക്ലബ്ബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കണം. അപേക്ഷയോടൊപ്പം ഓരോ ക്ലബ്ബുകൾക്കും ആവശ്യമുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് നൽകണം എന്നാണ് നിഷ്കർഷിക്കുന്നത്.

എന്നാൽ ഫയൽ പരിശോധിച്ചതിൽ ക്ലബ്ബുകളുടെ സത്യവാങ്മൂലം പ്രകാരം ക്ലബ്ബുകളുടെ രജിസ്ട്രേഷൻ നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ 2022 ഏപ്രിൽ 30 നകം നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് മുൻപാകെ ഹാജരാക്കുന്നതാണെന്നും അല്ലാത്ത പക്ഷം 5000/- രൂപ ആയതിന്റെ തുകയായി ഗ്രാമപഞ്ചായത്തിന് നൽകുന്നതിന് സമ്മതമാണെന്നും ക്ലബ്ബിന്റെ സെക്രട്ടറിയും പ്രസിഡന്റും സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ ഫയലിനൊപ്പം രജിസ്ട്രേഷൻ രേഖകളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ വിവരിച്ച ഏകോപന സമിതി രൂപീകരിച്ച വിവരമോ ക്ലബ്ബുകളിൽ നിന്നുള്ള അപേക്ഷകളോ സാധനങ്ങളുടെ ലിസ്റ്റോ ഫയലിൽ ഇല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/11.01.23) ന് മറുപടി ലഭ്യമാക്കിയില്ല. ക്ലബ്ബുകളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കുകയോ അല്ലാത്തപക്ഷം രജിസ്റ്റർ ചെയ്യാത്ത ക്ലബ്ബുകളിൽ നിന്നും ധനസഹായം തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതു വരെ തുകയായ ₹ 75,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - ബ്ലോക്ക് പഞ്ചായത്ത് /വകുപ്പിൽ നിന്നും ധനസഹായം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ഇല്ല. 1195980/- രൂപ തടസ്സപ്പെടുത്തുന്നു.

ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ്. മായന്നൂർ നടപ്പാക്കിയ എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (പ്രൊ.നം. 31/22) എന്ന പ്രൊജക്ട് പ്രകാരം വികസനഫണ്ട് (എസ്.സി.പി) ഉപയോഗിച്ച് GeM മുഖാന്തിരം Legendary Distributors Pvt. Ltd. Kadavanthra എന്ന സ്ഥാപനത്തിൽ നിന്ന് 38580/- രൂപ നിരക്കിൽ 31 ലാപ് ടോപ്പുകൾ 11,95,980/- രൂപയ്ക്ക് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്(വൗച്ചർ നം.22101422/30.03.22). സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 7.2.8 പ്രകാരം വകുപ്പിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (07/11.01.23) മറുപടിയായി സാക്ഷ്യപത്രം പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച തുകയായ ₹11,95,980 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - ബ്ലോക്ക് പഞ്ചായത്ത് / വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 917130/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) (183/22) |
| ചെലവഴിച്ച തുക | 9,17,130 |
| വൗച്ചർ നം. / തീയതി | 22100905/03.08.21 – 1,75,000/-<br>22100999/29.09.21 – 50,000/-<br>22101140/27.10.21 – 2,25,000/-<br>22101208/04.02.22 – 3,00,000/-<br>22101251/25.02.22 – 50,000/-<br>22101418/29.03.22 – 75,000/-<br>22101424/30.03.22 – 42,130/- |

ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ്., മായന്നൂർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം വികസന ഫണ്ട് എസ്.സി.പി. ഉപയോഗിച്ച് താഴെ പറയുന്ന 6 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ധനസഹായം നൽകിയിട്ടുണ്ട്.

1. അനുശ്രീ സത്യൻ, കാട്ടാളത്ത്, പാറമേൽപ്പടി

2. ശ്യാം സതീശൻ, ഭ്രദാൻ കോളനി, മായന്നൂർ

3. സജിനി പ്രസാദ്, ചേപ്പാൻകുന്ന് കോളനി, മായന്നൂർ

4. സ്നേഹ ചന്ദ്രൻ, കൊയ്ക്കാട്ടു കോളനി, കൊണ്ടാഴി

5. അനശ്രീ ചന്ദ്രൻ, മൂത്തേടത്ത് പടി, സൗത്ത് കൊണ്ടാഴി

6. സച്ചിൻശിവൻ, താന്നിക്കാട്ടിൽകുന്ന്., ഡി.സി.കോളനി, മായന്നൂർ

ഫയൽ പരിശോധിച്ചതിൽ മേൽ ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പഠനമുറിക്ക് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രമില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/11.01.23) മറുപടിയായി സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നത് വരെ പ്രൊജക്ട് മുഖേന ചെലവഴിച്ച ₹9,17,130/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | 60/22- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| നടപ്പാക്കിയ വർഷം | 2021-22 |
| ചെലവഴിച്ച തുക | 3,12,500/- (വികസന ഫണ്ട്(ജനറൽ))<br>(വൗച്ചർ നം. 22101131/22.11.21- ₹3,12,500/-) |

1. വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 6250/-രൂപ നിരക്കിൽ 50 ഗുണഭോക്താക്കൾക്കായി 3,12,500/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. മേൽ പ്രൊജക്ടിന്റെ വ്യക്തിഗത നാൾ വഴി രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ശ്രീമതി തങ്കമ്മ കെ.സി., എല്ലക്കാട്, ചേലക്കോട് എന്നിവർ 4 മാസത്തെ കാലിത്തീറ്റ മാത്രമേ വാങ്ങിയിട്ടുള്ളൂ. മേൽ ഗുണഭോക്താവിന് അടവാക്കിയ സബ്സിഡി തുകയിൽ അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 16/12.01.23)

## 1-37 മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ പ്രൊജക്ടുകൾ - തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. ജീവിതശൈലീ രോഗ നിയന്ത്രണം ഉപകരണങ്ങൾ വാങ്ങൽ - മുഴുവൻ ഉപകരണങ്ങളും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ട് (ജനറൽ) ഉപയോഗിച്ച് നടപ്പാക്കിയ ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ (പ്രൊ.നം.65/22) എന്ന പ്രൊജക്ട് പ്രകാരം 5 ബി.പി.അപ്പാരറ്റസ് വാങ്ങുന്നതിനായി 14779/- രൂപ (വൗച്ചർ നം.22101165/01.12.21) പ്രൊഫോർമ ഇൻവോയ്സ് നം. PRF 2917/25.10.21 പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ആയതിൽ നാളിതു വരെ 4 ബി.പി.അപ്പാരറ്റസുകൾ ലഭിച്ച് സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് ലഭ്യമാക്കി. അവശേഷിക്കുന്ന ഒരു ബി.പി.അപ്പാരറ്റസ് ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. പാലിയേറ്റീവ് പരിചരണം - വാഹനത്തിന്റെ ഇന്ധനക്ഷമത സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പാലിയേറ്റീവ് പരിചരണത്തിനായി ഉപയോഗിക്കുന്ന KL 48G 3713 നമ്പർ ആമ്പുലൻസിന്റെ ഇന്ധനക്ഷമത സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 17/12.01.23)

## 1-38 വീട് വാസയോഗ്യമാക്കൽ - ആദ്യ ഗഡു നൽകിയിട്ടും നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചില്ല.

വി. ഇ.ഒ, കൊണ്ടാഴി സർക്കിൾ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (പട്ടികജാതി)- പ്രൊ.നം.69/22 എന്ന പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് രണ്ട് ഗഡുക്കളായി ആകെ 45000/-

രൂപയാണ് മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്നത്. അതിൽ ഗുണഭോക്താവായ ശ്രീമതി. സുന്ദരി W/o Late കൃഷ്ണൻകുട്ടി, കരാർകുളമ്പ് ഹൗസ്, ചേലക്കോട് എന്നവർക്ക് 22500/- രൂപ (വൗ.നം.22101218/11.02.22) ധനസഹായം നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ അടവാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 18/12.01.23)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 137056 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 137056 | 0 |
| | | 310000 | 2021-22 ലൈഫ് ഭവന പദ്ധതി എസ്.സി. | 310000 | 0 |
| | | 1298000 | സമഗ്ര നെൽകൃഷി വികസന | 1298000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 55200 | സുഭിക്ഷകേരളം – ബയോഫ്ലോക്ക് മത്സ്യകൃഷി | 55200 | 0 |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 133699 | സാന്ത്വനപരിചരണ പരിപാടി | 133699 | 0 |
| | | 996154 | ശാരീരിക പ്രയാസം അനുഭവിക്കുന്നവർക്ക് അനുയോജ്യമായ ഉപകരണങ്ങൾ, പിന്തുണ പ്രവർത്തനങ്ങൾ | 996154 | 0 |
| | | 19600 | സുഭിക്ഷ കേരളം വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി(പടുതാകുളം) | 19600 | 0 |

| | | | |
|---|---|---|---|
| 48400 | സുഭിക്ഷ കേരളം വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി(പടുതാകുളം) | 48400 | 0 |
| 400000 | ലൈഫ് മിഷൻ – ഭവന നിർമ്മാണം | 400000 | 0 |
| 535000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 535000 | 0 |
| 778858 | ഉള്ളാട്ടുകുളം അംഗളൂർ കുന്നത്ത് റോഡ് നിർമ്മാണം | 778858 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ലഭ്യമാക്കിയില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലൈഫ് പദ്ധതി | -- | -- | 12334722 | 982667 | 0 | 11352055 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/തീയതി |
|---|---|---|---|---|
| 2009-10, 2010-11 | 3-10 | 470 | മണികണ്ഠൻ, കോൺട്രാക്ടർ | 121040101788/4.1.2022 |

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമാക്കിയില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76817844 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73523065 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,14,460 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 20,875 | ജലജകുമാരി.എ., അസി.സെക്രട്ടറി |
| 1-28 | 84,400 | ജലജകുമാരി.എ., അസി.സെക്രട്ടറി |
| 1-29 | 1,21,075 | ജലജകുമാരി.എ., അസി.സെക്രട്ടറി |
| 1-33 | 75,000 | ഇ.വസന്തകുമാരി, ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ്., മായന്നൂർ |
| 1-34 | 11,95,980 | ഇ.വസന്തകുമാരി, ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ്., മായന്നൂർ |
| 1-35 | 9,17,130 | ഇ.വസന്തകുമാരി, ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ്., മായന്നൂർ |
| ആകെ | 24,14,460 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജലജകുമാരി.എ., അസി.സെക്രട്ടറി | സെക്രട്ടറി, അനങ്ങനടി ഗ്രാമപഞ്ചായത്ത്, പാലക്കാട് | പ്രണവം ഹൗസ്, മായന്നൂർ പി.ഒ, തൃശ്ശൂർ |
| ഇ.വസന്തകുമാരി, ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ്., മായന്നൂർ | ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ്., മായന്നൂർ | ശ്രീനിലയം, പുത്തിരിത്തറ, പഴയന്നൂർ പി.ഒ, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 | എൽ.എഫ്.ടി(10)-2136/06 തീ.30.01.07/ 13.11.07 | 9 | 4(ഡി), 15, 9,17,18,19,20,21,39, 15 | സർചാർജ്ജ് പ്രൊപ്പോസൽ-9, 17, 18, 19, 20, 21, 39 |
| 2 | 1998-99 | എൽ.എഫ്.ടി(12)-962/01 | 46 | 4-1, 4(2,3,6), 4(4), 4(5), 4(8), | |

| | | | | | |
|---|---|---|---|---|---|
| | ചെലവ് | തീ.17.10.2001 | | 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 26, 29(3), 30, 31, 33, 34, 35, 37, 38, 39, 40, 41, 42, 43, 44, 46, 47, 48, 49, 50, 52, 53, 53(1), 53(2) | |
| 3 | 1999-2000, 2000-01, 2001-02 (Plan) | എൽ.എഫ്.ടി(10)-1107/03 തീ.8.12.03/ 26.03.04 | 16 | 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18(1) | |
| 4 | 1999-2000 | എൽ.എഫ്.ടി(10)-438/08 തീ.22.04.09/ 3.12.09 | 1 | 3-2 | |
| 5 | 2000-01 | എൽ.എഫ്.ടി(10)-439/08 തീ.22.4.09/ 3.12.09 | 3 | 3-1,3-2,3-4 | |
| 6 | 2001-02 | എൽ.എഫ്.ടി(10)-772/08 തീ.22.4.09/ 3.12.09 | 2 | 3-1, 3-6 | |
| 7 | 2002-03 | എൽ.എഫ്.ടി(10)-773/08 തീ.22.04.09/ 8.12.09 | 10 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10 | |
| 8 | 2003-04 | എൽ.എഫ്.ടി(10)-1451/08 തീ.23.12.09/ 5.02.10 | 13 | 3-1, 3-2, 3-3, 3-5, 3-6, 3-7,3-8, 3-9, 3-11, 3-12, 3-13, 3-16, 3-17 | |
| 9 | 2004-05 | എൽ.എഫ്.ടി(10)-1452/08 തീ.23.12.09/ 5.02.10 | 14 | 2-1, 3-2A, 3-4, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-15, 3-17, 3-18, 3-20 | 2-1-1, 3-1 വാർഷിക കണക്കുകൾ ഒഴിവാക്കുന്നു. |
| 10 | 2005-06 | എൽ.എഫ്.ടി(10)-1392/09 തീ.22.09.10 | 6 | 2-1, 3-1, 3-3, 3-4, 3-5, 3-8 | |
| 11 | 2006-07 | എൽ.എഫ്.ടി(10)-1309/09 തീ.24.09.10/ 31.05.11 | 9 | 2-2, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9 | |
| 12 | 2007-08 | എൽ.എഫ്.ടി(P4)-1306/11 തീ.8.2.12/ 31.3.12 | 22 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, | |

| | | | | | |
|---|---|---|---|---|---|
| | | | | 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23 | |
| 13 | 2008-09 | എൽ.എഫ്.ടി(P4)-1307/11 തീ.06.05.13/ 06.06.13 | 13 | 2-1, 2-5, 3-2, 3-11, 3-13, 3-15, 3-17, 3-18, 3-21, 3-22, 3-23, 3-26, 3-27 | |
| 14 | 2009-10 & 2010-11 | എൽ.എഫ്.ടി(P4)-1480/12 തീ.5.12.12/ 12.03.13 | 15 | 2-3, 2-4, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-20 | |
| 15 | 2011-12 | എൽ.എഫ്.ടി(P4)-2119/13 തീ.12.05.14/ 7.08.14 | 11 | 3-1, 3-3, 3-5, 3-13, 3-14, 3-15, 3-17, 3-18, 3-20, 3-21, 3-22 | |
| 16 | 2012-13 | എൽ.എഫ്.ടി(P4)-1921/14 തീ.06.03.15 | 11 | 2-2, 3-1, 3-2, 3-3, 3-4, 3-7, 3-8, 3-9, 3-10, 3-12, 3-14 | |
| 17 | 2013-14 & 2014-15 | കെ.എസ്.എ.ടി.എസ്.ആർ (P4)-405/16 തീ.2.4.16 | 24 | 2-2, 2-11, 2-12, 3-2, 3-8, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-19, 3-20, 3-22, 3-24, 3-25, 3-26, 3-28, 3-29, 3-33, 3-34, 3-35, 3-32 | |
| 18 | 2015-16 | കെ.എസ്.എ.ടി.എസ്.ആർ (P4)-2026/16 തീ.22.11.16 | 8 | 2-7, 2-8, 2-10, 3-10, 3-13, 3-14, 3-19, 2-9 | (2-7, 2-8, 2-9-CAR) |
| 19 | 2016-17 | കെ.എസ്.എ.ടി.എസ്.ആർ (P4)-1373/17 തീ.13.10.17 | 14 | 2-1, 2-2, 2-3, 2-4, 3-1, 3-3, 3-4, 3-6, 3-14, 3-16, 3-18, 3-22, 3-24, 3-25 | |
| 20 | 2017-18 | കെ.എസ്.എ.ടി.എസ്.ആർ | 19 | 1-7, 2-2, | |

| | | | | | |
|---|---|---|---|---|---|
| | | (P4)-350/2019<br>തീ.4.06.19 | | 2-3, 2-6, 3-1,<br>3-4, 3-5, 3-9,<br>3-10, 3-14,<br>3-15, 3-16,<br>3-17, 3-18,<br>3-19, 3-20,<br>3-21, 3-28, 3-26 | |
| 21 | 2018-19 | കെ.എസ്.എ.ടി.എസ്.ആർ (P7)-1332/20<br>തീ.07.01.21 | 35 | 1-11, 1-12(1)(2)(3)(4), 1-13(1)(2)(3), 1-14(1)(2)(3), 1-15(1)(2)(3)(4)(5), 1-16 മുതൽ 1-46 വരെ, 1-47 (2)(3)(4), 1-48, 1-49എ, 1-50 (2)(3), 4-10 | |
| 22 | 2019-20 | കെ.എസ്.എ.ടി.എസ്.ആർ (P7)-12/22<br>തീ.18.05.22 | 38 | 1-11 മുതൽ 1-45 വരെ, 3-1, 3-2, 4-10 | |
| 23 | 2020-21 | കെ.എസ്.എ.ടി.എസ്.ആർ (P7)-13/22<br>തീ.18.05.22 | 38 | 1-11 മുതൽ 1-45 വരെ, 3-1, 3-2, 4-10 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്